സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ "കമ്പ്യൂട്ടർ പ്രോഗ്രാമർ" തസ്തിക

70 (3711) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ 'കമ്പ്യൂട്ടർ പ്രോഗ്രാമർ' എന്ന എത്ര തസ്തികകൾ ഉണ്ട് ; ഈ തസ്തികയിലെ നിയമനത്തിന് സ്പെഷ്യൽ റൂൾസ് പുറത്തിറക്കിയിട്ടുണ്ടോ ; ഈ തസ്തികയുടെ ശമ്പള സ്കെയിൽ, നിയമനരീതി യോഗ്യതകൾ ഇവ വ്യക്തമാക്കാമോ ; ഇപ്പോൾ ഈ തസ്തികയിൽ എത്ര ഒഴിവുകളുണ്ട് ;

(ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ എന്ന തസ്തിക ഇപ്പോൾ നിലവിലുണ്ടോ ;

(സി) ഈ തസ്തികയുടെ പേര് ഗവൺമെന്റ് പുനർ നാമകരണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നു മുതൽ ; പുതിയ പേരും ശമ്പള സ്കെയിലും വെളിപ്പെടുത്താമോ ; പുനർ നാമകരണം നടപ്പിലാക്കാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) "കമ്പ്യൂട്ടർ പ്രോഗ്രാമർ" തസ്തികയുടെ സ്പെഷ്യൽ റൂൾസ് തന്നെയാണോ പുനർ നാമകരണം ചെയ്ത തസ്തികയ്ക്കും സ്വീകാര്യമായിട്ടുള്ളത് ; സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള യോഗ്യതകൾ ഇല്ലാത്ത ആരെയെങ്കിലും "കമ്പ്യൂട്ടർ പ്രോഗ്രാമർ" ആയി ശമ്പള പരിഷ്കരണ ഉത്തരവ് പുറത്തിറക്കിയതിനുശേഷം നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെയാണ് ; എന്നു മുതലാണ് എന്നും എന്തു യോഗ്യതയുടെ അടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കാമോ ; യോഗ്യതയില്ലാത്ത നിയമനങ്ങൾ പിൻവലിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ഇ) കമ്പ്യൂട്ടർ പ്രോഗ്രാമർ എന്ന പേരിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ രണ്ട് ശമ്പള സ്കെയിലുകൾ നിലനില്ക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; ഈ വിഷയത്തിൻമേൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് 1999 സെപ്റ്റംബറിൽ 23151/ജി3/99/ എച്ച്. എഡ്യൂക്കേഷൻ നമ്പരായി നൽകിയ കത്തിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു ; നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എഫ്) "കമ്പ്യൂട്ടർ പ്രോഗ്രാമർ" തസ്തികകൾ എ.ഐ.സി.റ്റി.ഇ. സ്കീമിൽ ഉൾപ്പെടുന്നുണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ തസ്തികയ്ക്ക് എന്തുകൊണ്ട് എ. ഐ. സി. റ്റി. ഇ. ശമ്പള സ്കെയിൽ നൽകുന്നില്ല എന്ന് വ്യക്തമാക്കുമോ ; എ. ഐ. സി. റ്റി. ഇ. ശമ്പള പരിഷ്ക്കരണത്തിൽ ഈ തസ്തിക കൂടി ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കമ്പ്യൂട്ടർ പ്രോഗ്രാമറുടെ രണ്ട് തസ്തികകൾ ഉണ്ട്. ഇതിന്റെ സ്പെഷ്യൽ റൂൾസ് പുറത്തിറക്കിയിട്ടില്ല. 1-3-1997 പ്രാബല്യത്തിൽ നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ ഈ തസ്തികയുടെ സ്കെയിൽ കാണിച്ചിട്ടില്ല. സ്പെഷ്യൽ റൂൾസിന്റെ അഭാവത്തിൽ ഇതുവരെ റൂൾ 9 എ (1) അനുസരിച്ചുള്ള താൽക്കാലിക നിയമനമാണ് നടത്തിയിരുന്നത്. ഇപ്പോൾ ഈ തസ്തികയിൽ ഒരു ഒഴിവാണുള്ളത്.

(ബി) ഉണ്ട്.

(സി) ഈ തസ്തികയുടെ പേര് പുനർനാമകരണം ചെയ്യുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ഡി) അല്ല. കമ്പ്യൂട്ടർ പ്രോഗ്രാമർ ആയി പുനർ നാമകരണം ചെയ്യപ്പെടേണ്ട കമ്പ്യൂട്ടർ ഓപ്പറേറ്ററുടെ സ്പെഷ്യൽ റൂൾസ് ആണ് സ്വീകാര്യമായിട്ടുള്ളത്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടില്ല. ശമ്പള പരിഷ്കരണ ഉത്തരവ് പുറത്തിറങ്ങിയശേഷം ശ്രീ. ഉദയകുമാർ എന്ന ട്രേഡ് ഇൻസ്ട്രക്ടറെ താത്കാലികമായി നിയമിച്ചിട്ടുണ്ട്. യോഗ്യതയില്ലാത്ത നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പിൻവലിക്കുന്നതാണ്.

(ഇ) ഉണ്ട്. വൈരുദ്ധ്യങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. 1999 സെപ്റ്റംബറിലെ 23151/ജി3/99/എച്ച്. എഡ്യൂക്കേഷൻ നമ്പർ കത്തിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൻമേൽ നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) പരിശോധിക്കുന്നതാണ്.

ലാംഗ്വേജ് ടീച്ചറുടെ സർവ്വീസ് ഫയൽ തീർപ്പു കൽപ്പിക്കുവാൻ നടപടി

71 (3712) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താഴെക്കോട് എ. വി. പി. സ്കൂളിൽ പാർട്ട്ടൈം ലാംഗ്വേജ് ടീച്ചർ (ഉറുദു) തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ. സി. മുഹമ്മദ് അഷറഫിന്റെ സർവീസിനെ സംബന്ധിച്ച ഫയലിൽ കോഴിക്കോട് ഡി. ഇ. ഒ. തീർപ്പു കൽപ്പിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly